കെ.എസ്.ആർ.ടി.സി. വാഹനങ്ങളുടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേക്കായി കെ.എസ്.ആർ.ടി.സി. യൂണിറ്റുകളെ 4 മേഖലകളായി തിരിക്കുകയും മേഖലാടിസ്ഥാനത്തിൽ ഫ്യൂവൽ സെല്ലുകൾ രൂപീകരിക്കുകയുംചെയ്തു. സംസ്ഥാന വ്യാപകമായി ഓരോ ഷെഡ്യൂളിനും ടാർജറ്റ് നിശ്ചയിച്ച് ഇന്ധനക്ഷമത പ്രസ്തുത ടാർജറ്റിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1981-നുശേഷമുണ്ടായിരുന്ന നിരവധി ഫെയർ സ്റ്റേജുകൾ കെ.എസ്.ആർ.ടി.സി.-ക്കും പൊതുജനങ്ങൾക്കും ഉപകാരപ്രദമായ രീതിയിൽ പുനഃക്രമീകരിച്ചു.

മുൻവർഷങ്ങളിലെപ്പോലെ ശബരിമല മഹോൽസവത്തോടനുബന്ധിച്ച് യാതൊരുവിധ പരാതിക്കും ഇടനൽകാതെ തീർത്ഥാടകർക്കായി ആവശ്യാനുസരണം പ്രത്യേക സർവ്വീസുകൾ നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് കഴിഞ്ഞിട്ടുണ്ട്. ഈ കാലയളവിൽ പമ്പ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷൻ ഒരു പ്രധാന ഡിപ്പോ എന്നതുപോലെ ഒരു സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്. ടി ബസ്സ്റ്റേഷന്റെ ചിട്ടയോടെയുള്ള പ്രവർത്തനത്തിന്റെ ഫലമായി മണ്ഡലപൂജ, മകരവിളക്ക് കാലയളവിൽ നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസ് ഉൾപ്പെടെയുള്ള മുഴുവൻ പ്രത്യേക സർവീസുകളും കാര്യക്ഷമമായി നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. സർവ്വീസുകൾക്ക് 30% അധിക നിരക്ക് ഈടാക്കാമെന്ന് വ്യവസ്ഥയുണ്ടെങ്കിലും കെ.എസ്.ആർ.ടി.സി. കഴിഞ്ഞ കുറേക്കാലങ്ങളായി സാധാരണ നിരക്ക് മാത്രമാണ് ഈടാക്കിവരുന്നത്. പ്രത്യേക സർവ്വീസ് നടത്തിപ്പിലൂടെ കാര്യമായ വരുമാന വർദ്ധനവിന് കഴിഞ്ഞിട്ടുണ്ട്.

കോർപ്പറേഷനെ ലാഭകരമാക്കുക എന്ന ലക്ഷ്യത്തോടെ ജീവനക്കാരേയും തൊഴിലാളി സംഘടനകളേയും വിശ്വാസത്തിലെടുത്ത് മാനേജ്മെന്റ് എടുത്ത നടപടികൾ വിജയപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) 2636 ബസ്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. വിവിധ റൂട്ടുകളിലായി 1188 പുതിയ ഷെഡ്യൂൾ ആരംഭിച്ചിട്ടുണ്ട്.

(എഫ്) ഈ സർക്കാരിന്റെകാലത്ത് കണ്ണൂർ ജില്ലയിൽ കണ്ണൂർ ഡിപ്പോയിൽ 26-ഉം പയ്യന്നൂരിൽ 32 സർവ്വീസും ആരംഭിച്ചു.

കെ.എസ്.ആർ.ടി.സി.-യുടെ സഞ്ചിത നഷ്ടം കുറയ്ക്കാൻ നടപടി

155 (605) ശ്രീ. എൻ. ശക്തൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യുടെ സഞ്ചിത നഷ്ടം കുറയ്ക്കാനും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും എന്തൊക്കെ പുതിയ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ ഭാഗമായി ഈ വർഷം വായ്പയും മൂലധനവുമായി കെ.എസ്.ആർ.ടി.സി.-ക്ക് സംസ്ഥാന സർക്കാർ എന്തുതുക സഹായമായി ലഭ്യമാക്കി ;

(സി) കെ.എസ്.ആർ.ടി.സി.യുടെ കടബാദ്ധ്യത കുറയ്ക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും എത്ര കോടി രൂപ എഴുതിത്തള്ളുകയുണ്ടായി ;

(ഡി) ഈ ഇനത്തിൽ ഇനിയും എന്തുതുക എഴുതിത്തള്ളണമെന്ന നിർദ്ദേശമാണ് പരിഗണനയിലുള്ളത് ?

ഉത്തരം

(എ) സഞ്ചിത നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി G.O.(MS)No.7/2009 dated, 14-12-2009-ലെ സർക്കാർ ഉത്തരവ് പ്രകാരം 1070.61 കോടി രൂപ ഓഹരിയാക്കി മാറ്റുന്നതിനും എഴുതിതള്ളുന്നതിനുമായി അനുവദിക്കുകയുണ്ടായി. അതിൻപ്രകാരം ലോൺ തുകയായ 250.38 കോടി രൂപ ഓഹരിയാക്കി മാറ്റുകയും പലിശയിനത്തിൽ നൽകേണ്ടതായ 197.39 കോടി രൂപയും വാഹനനികുതി ഇനത്തിൽ നൽകേണ്ടതായ 622.83 കോടി രൂപയും എഴുതിതള്ളുകയുണ്ടായി. ഇതിന്റെഫലമായി 2008-09-ലെ പുർത്തിയായ കണക്കനുസരിച്ച് 2303.53 കോടി രൂപയാകേണ്ടിയിരുന്ന സഞ്ചിത നഷ്ടം 1483.31 കോടിയായി കുറയ്ക്കുവാൻകഴിഞ്ഞു.

കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേക്കായി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്റർ ഓപ്പറേഷൻ വർദ്ധിപ്പിച്ച് സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുകവഴി പ്രതിദിന വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രമിച്ചുവരുന്നു. ബസ് വാങ്ങൽ, ബോഡി നിർമ്മാണം, ഇന്ധനച്ചെലവ്, ടയർ, സ്പെയർ പാർട്ട്സ് എന്നീ ഇനങ്ങളിൽ ഉണ്ടാകുന്ന ചെലവ് പരമാവധി കുറയ്ക്കുന്നതിന് ശ്രമിച്ചുവരുന്നു. കൂടാതെ പ്രവർത്തനേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബസ്സ്റ്റേഷനുകളോടനുബന്ധിച്ച് ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുവരുന്നു. പരസ്യങ്ങളിൽനിന്നുള്ള വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ സഞ്ചിത നഷ്ടം കുറയ്ക്കുവാനും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാനും ലക്ഷ്യമിട്ടുകൊണ്ട് മന്ത്രിസഭാ ഉപസമിതിയുടെ ശിപാർശകൾ അംഗീകരിച്ച് 11 ഇന ശിപാർശകൾ അടങ്ങിയ ഒരു പാക്കേജ് നടപ്പിലാക്കുവാൻ ഉത്തരവിറക്കുകയും പ്രസ്തുത ശിപാർശകൾ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുകയുംചെയ്തു.

ഇതുകൂടാതെ ഡ്രൈവർമാർക്ക് പരിശീലനം നൽകുകയും ആയതിന്റെ ഫലമായി ഡീസലിന്റെ ഉപയോഗം ലിറ്ററിന് 4.27 കി.മീ. ആക്കി ഉയർത്താൻ കഴിഞ്ഞു. ആയതിന് ലിറ്ററിന് 5 കി.മീ. ആക്കി ഉയർത്തുന്നതിന് പദ്ധതിയിട്ടിട്ടുണ്ട്. കൂടാതെ ടിക്കറ്റിതര വരുമാനം കൂട്ടുക എന്ന ലക്ഷ്യത്തോടുകൂടി പ്രധാനപ്പെട്ട ബസ് സ്റ്റേഷനുകളിൽ ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇതിൽ കാസർഗോഡ്, കൊട്ടാരക്കര, അങ്കമാലി എന്നിവിടങ്ങളിലെ ഷോപ്പിംഗ്

LIBRARY ARCHIVES Kerala Legislative Assembly

കോംപ്ലക്സുകളുടെ പ്രവർത്തനം ആരംഭിച്ചു. കാട്ടാക്കട, തിരുവല്ല, തിരുവനന്തപുരം സെൻട്രൽ എന്നിവിടങ്ങളിലെ ഷോപ്പിംഗ് കോംപ്ലക്സിന്റെ പണി അന്തിമ ഘട്ടത്തിലാണ്.

ടയർ, ടയർ റീ-ട്രെഡിംഗ് മെറ്റീരിയൽസ് എന്നിവയുടെ ഉപയോഗം അവലോകനം ചെയ്ത് നിയന്ത്രണം ഏർപ്പെടുത്തുകയും മെച്ചപ്പെട്ട റീ-ട്രെഡിംഗ് മെറ്റീരിയൽസ് വാങ്ങുകവഴി മെച്ചപ്പെട്ട ടയർ ലൈഫ് നേടാൻ കഴിഞ്ഞിട്ടുണ്ട്.

ടിക്കറ്റില്ലാതെ യാത്രചെയ്യുന്നത് തടയുന്നതിലേക്കായി സർപ്രൈസ് ചെക്കിംഗ് വ്യാപകമായി ഏർപ്പെടുത്തിയിട്ടുണ്ട്. ആയതുവഴി വരുമാനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. കൂടാതെ 2010-11 കാലഘട്ടത്തെ ശബരിമല ഉത്സവകാലത്ത് ശബരിമല സ്പെഷ്യൽ സർവ്വീസുകൾ കാര്യക്ഷമമായി നടത്തിയതിനാൽ ടി കാലയളവിൽ വരുമാനത്തിൽ ഗണ്യമായ വർദ്ധനവും ഉണ്ടായി.

(ബി) കെ.എസ്.ആർ.ടി.സി.-ക്ക് ഈ സാമ്പത്തികവർഷം മൂലധന ഇനത്തിൽ 42 കോടി രൂപ വകയിരുത്തിയതിൽ 40.67 രൂപയ്ക്ക് ഭരണാനുമതി നൽകുകയും നാലുതവണകളായി 30 കോടി രൂപയും നാളിതുവരെ അനുവദിച്ച് നൽകിയിട്ടുമുണ്ട്. പ്രവർത്തന മൂലധനമായി വായ്പയിനത്തിൽ 90 കോടി രൂപയും നാളിതുവരെ അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) 31-3-2008 കാലയളവുവരെ സംസ്ഥാന സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് വായ്പായിനത്തിൽ അനുവദിച്ച 250.38 കോടി രൂപ ഇക്വിറ്റിയായി മാറ്റുകയും ടി വായ്പയുടെ പലിശയും പിഴപ്പലിശ ഇനത്തിൽ സർക്കാരിന് അടയ്ക്കുവാനുണ്ടായിരുന്ന 197.39 കോടി രൂപയും മോട്ടോർ വാഹന നികുതി ഇനത്തിൽ 31-3-2008 വരെ സർക്കാരിന് നൽകാനുണ്ടായിരുന്ന 622.83 കോടി രൂപയും ഗവൺമെന്റ് ഉത്തരവ് (എം.എസ്.) 71/2009/ഗതാഗതം. തീയതി, 14-12-2009 പ്രകാരം എഴുതിത്തള്ളി.

(ഡി) നിലവിൽ പുതിയ നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും നിയമനം

156 (606) ശ്രീ.റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി കണ്ടക്ടർമാരെയും ഡ്രൈവർമാരെയും കെ.എസ്.ആർ.ടി.സി. നിയമിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ ഡിപ്പോകളിൽ എത്രവീതം ആളുകളെ ഇപ്രകാരം നിയമിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഡി) ഈ വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഡ്രൈവർ, കണ്ടക്ടർ തസ്തികകളിൽ എംപാനൽ ജീവനക്കാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly